കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി വികസനം - പ്രീമെട്രിക് - ഹോസ്റ്റലുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്

സ.ഉ. (സാധ) നം. 1084/2008/പജ.പവ.വിവ. തീയതി, തിരുവനന്തപുരം: 17.09.2008 061238

---

പരാമർശം:- 1. 9/05/2008-ലെ പട്ടികജാതിവികസനവകുപ്പ് ഡയറക്ടറുടെ ഇ6-2866/2008-ാം നമ്പർ കത്ത്.

2. 19/08/2008-ലെ തദ്ദേശ സ്വയംഭരണ (ഡി. ബി.) വകുപ്പിൻെറ 54677/ഡിബി2/08/ത.സ്വ.ഭ.വ. നമ്പർ അഭിപ്രായക്കുറിപ്പ്

ഉത്തരവ്

പട്ടികജാതി വികസന വകുപ്പിൻെറ കീഴിലുള്ള പ്രീമെട്രിക ഹോസ്റ്റലുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ പ്രീമെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. ഫണ്ടുപയോഗിച്ച് നടത്തുവാൻ 18-10-07-ൽ കൂടിയ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ തീരുമാനിച്ചതിൻെറ അടിസ്ഥാനത്തിൽ പ്രീമെട്രിക ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവാകണം എന്ന് പരാമർശം ഒന്നു പ്രകാരം പട്ടികജാതിവികസനവകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിൻെറ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ തന്നെ ഏൽപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**പോൾ ആൻറണി**

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (എ & ഇ) , കേരളം, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ വകുപ്പ് (19/08/2008-ലെ 54677/ഡി.ബി2/2008/ത.സ്വ.ഭ.വ).
ധനകാര്യവകുപ്പ്/ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് : പിന്നോക്ക പട്ടികസമുദായ ക്ഷേമവും വൈദ്യുതിയും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി II ൻെറ പി.എ.ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.